# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 421

02.12.2014 ൽ മറുപടിയ്ക്ക്

## റിസ്ക് ഫണ്ട് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ഡോ.എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ.പി.സി.ജോർജ്ജ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയിൽ റിസ്ക് ഫണ്ട് പദ്ധതി എന്നാണ് നിലവിൽ വന്നത്; ആയത് എത്രത്തോളം വിജയകരമായിരുന്നു; വിശദാംശങ്ങൾ നൽകുമോ; | (എ) 18.11.2008 ലെ സ.ഉ(കൈ) നം. 249/2008/സഹ നമ്പർ ഉത്തരവ് പ്രകാരം 2008 ഏപ്രിൽ 1-ാം തീയതി മുതൽ പ്രാബല്യത്തോടെ റിസ്ക് ഫണ്ട് പദ്ധതി നിലവിൽ വന്നു. വളരെ തുച്ഛമായ ഒറ്റത്തവണ പ്രീമിയം ഈടാക്കി വായ്പ എടുത്ത അംഗം വായ്പാ കാലാവധിക്കുള്ളിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെട്ടാൽ ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതൽ തുകയും അതിന്റെ പലിശയും റിസ്ക് ഫണ്ട് പദ്ധതി പ്രകാരം എഴുതിത്തള്ളുന്നുണ്ട്. കൂടാതെ വായ്പ എടുത്ത ശേഷം റിസ്ക് ഫണ്ട് സ്കീമിൽ പ്രതിപാദിക്കുന്ന 5 മാരക രോഗങ്ങളിൽ ഏതെങ്കിലും ഒരു രോഗം മുഖേന വായ്പ ബാധ്യത തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന വായ്പാ കേസുകളിൽ 75,000/- രൂപ പദ്ധതിയിലെ വ്യവസ്ഥകൾക്ക് വിധേയമായി എഴുതിത്തള്ളുന്നുണ്ട്. റിസ്ക് ഫണ്ട് സ്കീമിന്റെ പ്രവർത്തനം വിജയകരമാണ്. മരണപ്പെട്ടവരുടെ ആശ്രിതർക്കും മാരക രോഗം ബാധിച്ചവർക്കും ആനുകൂല്യമായി 31.10.2014 വരെ 13,894 വായ്പക്കാർക്കായി 88.57 കോടി രൂപ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. |

(ബി) പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് വായ്പാർത്ഥികൾക്ക് അവബോധം നൽകുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് അവലംബിച്ചിട്ടുള്ളത്;

(ബി) റിസ്ക് ഫണ്ട് പദ്ധതിയെ സംബന്ധിച്ച് വായ്പാർത്ഥികൾക്ക് അവബോധം നൽകുന്നതിനായി ചുവടെ ചേർക്കുന്ന മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്.

1. വായ്പക്കാരെ റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗമാക്കണമെന്ന് നിർദ്ദേശിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയത് സഹകരണ വകുപ്പിന്റെ <u>www.cooperation.kerala.gov.in</u> എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടാതെ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയെ സംബന്ധിച്ച ലഘുവായ വിവരണം വെബ്സൈറ്റിൽ "Risk fund scheme" എന്ന ടൈറ്റിലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2. മാരക രോഗം ബാധിച്ചവർക്ക് ആശ്വാസം നൽകുന്നതിനുള്ള വ്യവസ്ഥ റിസ്ക് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തിയ 2012 വർഷത്തിലും 2014 വർഷത്തിലും പൊതുജനങ്ങൾക്ക് സ്കീമിനെ കുറിച്ച് അവബോധം ഉണ്ടാകുന്നതിനായി എല്ലാ മുഖ്യ വർത്തമാന പത്രങ്ങളിലും സർക്കാർ പരസ്യം നല്കിയിരുന്നു.

3. കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ <u>www.kcdwfb.com</u> എന്ന വെബ്സൈറ്റിൽ റിസ്ക് ഫണ്ട് പദ്ധതി സംബന്ധിച്ച എല്ലാ വിവരങ്ങളും ലഭ്യമാണ്. സഹകരണ വകുപ്പിന്റെ വെബ്സൈറ്റും ബോർഡിന്റെ വെബ്സൈറ്റുമായി ലിങ്ക് ചെയ്തിട്ടുണ്ട്.

4. സ്കീം നടപ്പിലാക്കുന്ന കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡ് പദ്ധതിയെ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി ബ്രോഷറുകളും ലഘു ലേഖകളും നൽകിയിട്ടുണ്ട്.

5. പ്രധാനപ്പെട്ട സഹകരണ സ്ഥാപനങ്ങളുടെ വെബ്സൈറ്റിൽ ടി സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്നവർക്ക് റിസ്ക് ഫണ്ട് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുമെന്ന് പ്രതിപാദിച്ചിട്ടുണ്ട്.

(സി) വായ്പയെടുത്ത വ്യക്തി മാരകരോഗങ്ങൾക്ക് അടിമയാണെങ്കിൽ കടാശ്വാസം ലഭിക്കുന്നതിന് റിസ്ക് ഫണ്ടിൽ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ

(സി) വായ്പ എടുത്ത ശേഷം വായ്പക്കാരന് മാരക രോഗം ബാധിച്ച് വായ്പ ബാധ്യത തീർക്കാൻ കഴിയാതെ വരുന്ന കേസുകളിൽ വായ്പാ മുതൽ ഇനത്തിൽ പരമാവധി 75,000/-രൂപ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം

| | |
|---|---|
| ആയത് വ്യവസ്ഥ ചെയ്യാൻ നടപടി സ്വീകരിക്കുമോ? | നൽകാനുള്ള വ്യവസ്ഥ റിസ്ക് ഫണ്ട് നിയമാവലിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ